# സഹ്യനാദം

ഇടുക്കി രൂപതാ ബുള്ളറ്റിൻ

വാല്യം 17 | ഒക്ടോബർ 2020 | ലക്കം 10



ഒക്ടോബർ–7

## ജപമാല രാജ്ഞിയുടെ തിരുനാൾ

# സഹ്യനാദം

ഇടുക്കി രൂപതാ ബുള്ളറ്റിൻ

**Volume : 17**
**Issue No. : 10**
**Month : October 2020**




## ഈ ലക്കത്തിൽ

| | |
|---|---|
| ലോക മിഷൻ ദിനം | 05 |
| പരിശുദ്ധ അമ്മയ്ക്കൊപ്പം | |
| ജപമാലമാസം | 11 |
| രൂപതക്കച്ചേരി | 17 |
| ക്രിസ്തുജ്യോതി | 19 |
| കെ.സി.എസ്.എൽ. | 23 |
| ചെറുപുഷ്പ മിഷൻലീഗ് | 24 |
| കെ.സി.വൈ.എം. | 25 |
| നവോമി കുടുംബകേന്ദ്രം | 27 |
| മാതൃവേദി | 27 |
| പ്രാർത്ഥനാഗ്രൂപ്പ് | 28 |
| ഡി.സി.എം.എസ്. | 29 |

*Patron*

**Mar John Nellikunnel**
Bishop of Idukki

*Chief Editor*

**Rev. Fr. George Thakadiyel**

*Office*

Bishop's House, Idukki
Manippara P.O.
Karimpan - 685 602
Ph: 04862 - 230204

*Cover designed by:*

Blueline Cheruthony

*Website & e-mail*

www.idukkidiocese.org
curiaidukki@gmail.com
bpjohnnelli@gmail.com

***"The pandemic has shown us that we cannot live without one another. The United Nations was established to bring nations together, to be a bridge between peoples. Let us make good use of it to build together the future we all desire."***

*Pope Francis, Tweet, 25-09-2020*

# ഓർമ്മിക്കാൻ

## ഒക്ടോബർ മാസത്തിലെ പ്രധാന ദിനങ്ങൾ, പരിപാടികൾ

| | | |
|---|---|---|
| 01 | : | വി. കൊച്ചുത്രേസ്യ |
| 02 | : | കാവൽമാലാഖ |
| 03 | : | വി. ഫ്രാൻസിസ് അസ്സീസി (4 ഞായർ) |
| 11 | : | മൂശക്കാലം ഒന്നാം ഞായർ |
| 15 | : | ആവിലായിലെ വി. അമ്മത്രേസ്യ |
| 16 | : | വാഴ്ത്തപ്പെട്ട തേവർപറമ്പിൽ കുഞ്ഞച്ചൻ |
| 17 | : | അന്ത്യോക്യായിലെ വി. ഇഗ്നേഷ്യസ് |
| | : | വി. ലൂക്കാ സുവിശേഷകൻ |
| 18 | : | മിഷൻ ഞായർ |
| 28 | : | വി. ശിമയോൻ, വി. യൂദാ തദ്ദേവൂസ് ശ്ലീഹന്മാർ |

C. 28. സർക്കുലർ

# ഫ്രാൻസിസ് പാപ്പായുടെ സന്ദേശം

## 2020 ലോക മിഷൻ ദിനം

***ഇതാ ഞാൻ, എന്നെ അയച്ചാലും (ഏശയ്യാ 6:8)***

പ്രിയ സഹോദരീസഹോദരന്മാരേ,

കഴിഞ്ഞ ഒക്ടോബർ മാസം സഭ ലോകമെമ്പാടും 'അസാധാരണ മിഷണറിമാസ'മായി അതീവശുഷ്കാന്തിയോടെ ആചരിച്ചതിൽ ദൈവത്തിനു ഞാൻ നന്ദി പറയുന്നു. "സ്നാനപ്പെട്ട് അയയ്ക്കപ്പെട്ടവർ" എന്ന പ്രമേയത്തെ മുൻനിറുത്തി നടത്തിയ ഈ ആചരണം സമൂഹങ്ങളുടെ മിഷനറി മാനസാന്തരത്തിന് ഏറെ ഉണർവും ഉന്മേഷവും നൽകിയിട്ടുണ്ടെന്നതിൽ എനിക്ക് ഉറച്ച ബോധ്യമുണ്ട്.

കോവിഡ്-19 എന്ന മഹാമാരി വരുത്തിയ ക്ലേശങ്ങളും വെല്ലുവിളികളും കൊണ്ട് അടയാളപ്പെടുത്തപ്പെട്ട ഈ വർഷം സാർവത്രികസഭ തന്റെ പ്രേഷിതയാത്ര തുടരുന്നത് "ഇതാ ഞാൻ, എന്നെ അയച്ചാലും" (ഏശയ്യാ 6:8) എന്ന ഏശയ്യാ പ്രവാചകന്റെ തിരുവെഴുത്തു പ്രകാരമാണ്. "ഞാൻ ആരെ അയയ്ക്കും?" എന്ന കർത്താവിന്റെ ചോദ്യത്തിനുള്ള എക്കാലത്തെയും പ്രത്യുത്തരമാണിത്. ലോകത്തിന്റെ വർത്തമാനകാല പ്രതിസന്ധിയിൽ ദൈവത്തിന്റെ കരുണാർദ്രമായ ക്ഷണം സഭയ്ക്കും മനുഷ്യവർഗത്തിനൊട്ടാകെയും ഒരു വെല്ലുവിളിയാണ്. "സുവിശേഷത്തിലെ ശിഷ്യരെപ്പോലെ നമ്മളും അപ്രതീക്ഷിതവും ക്ഷോഭജനകവുമായ കൊടുംകാറ്റിൽപ്പെട്ട് സുരക്ഷിതത്വം നഷ്ടപ്പെട്ട അവസ്ഥയിലാണ്. നമ്മളെല്ലാവരും ദുർബലരും മനമിടിഞ്ഞവരുമായി ഒരേ വഞ്ചിയിലാണെങ്കിലും പരിഗണനാർഹരും വേണ്ടപ്പെട്ടവരുമാണെന്ന യാഥാർത്ഥ്യം തിരിച്ചറിഞ്ഞ് ഒത്തൊരുമയോടെ തുഴഞ്ഞ് പരസ്പരം ആശ്വസിപ്പിക്കാൻ വിളിക്കപ്പെട്ടിരിക്കുന്നു. ശിഷ്യന്മാർ എല്ലാവരും ഒരേ സ്വരത്തിൽ ഉത്കണ്ഠാപൂർവം 'ഞങ്ങൾ നശിക്കുകയാണ്' (V. 38) എന്നു നിലവിളിച്ചു പ്രാർത്ഥിച്ചതുപോലെ നമ്മൾ എല്ലാവരും ഈ വഞ്ചിയിലായിരുന്നുകൊണ്ട്

സ്വാർത്ഥത വെടിഞ്ഞ് കൂട്ടായ്മയോടെ പ്രാർത്ഥിക്കേണ്ടിയിരിക്കുന്നു" (ധ്യാനം, സെന്റ് പീറ്റേഴ്സ് സ്ക്വയറിൽ, 27 മാർച്ച് 2020). നമ്മൾ യഥാർത്ഥത്തിൽ ചകിതരും മനമിടിഞ്ഞവരുമാണ്. വേദനയും മരണവും നമ്മുടെ നശ്വരമായ മാനുഷികതയെ വെളിവാക്കുന്നു. അതേസമയം അത് ജീവനുവേണ്ടിയും തിന്മയിൽനിന്നു സ്വതന്ത്രരാകുന്നതിനുവേണ്ടിയുമുള്ള നമ്മുടെ ആഗ്രഹത്തെ ശക്തമായി ഓർമ്മിപ്പിക്കുകയും ചെയ്യുന്നു. ഈ സാഹചര്യത്തിൽ, മിഷനിലേക്കുള്ള വിളി എന്നു പറയുന്നത് ദൈവസ്നേഹത്തെയും സഹോദരസ്നേഹത്തെയും പ്രതി നമുക്കു പുറമെയുള്ളവർക്കുവേണ്ടി പങ്കുവയ്ക്കാനും സേവനം ചെയ്യാനും മധ്യസ്ഥപ്രാർത്ഥന നടത്താനുമുള്ള ഒരവസരം എന്നതാണ്. ദൈവം നമ്മെ ഓരോരുത്തരെയും ഭരമേല്പിക്കുന്ന ഈ ദൗത്യം ഭയത്തിൽനിന്നും അന്തർമുഖതയിൽനിന്നും നമ്മെ മുന്നോട്ടു നയിച്ച് പരോപകാരികളായി ജീവിക്കുവാൻ പ്രാപ്തരാക്കുന്നു. അതുവഴി നമ്മൾ സ്വയാവബോധമുള്ളവരായി മാറി ഒരു നവീകൃത ബോധ്യത്തിൽ എത്തിച്ചേരുകയും ചെയ്യുന്നു.

**ദൈവത്തിന്റെ മിഷൻ**

ദൈവം നമ്മെ ഓരോരുത്തരെയും സ്നേഹിക്കുന്നു (cf. യോഹ 19:26-27) വെന്ന യാഥാർത്ഥ്യം പ്രകടമാകുന്നത് യേശു തന്റെ രക്ഷാകര ദൗത്യം സാക്ഷാത്കരിച്ച കുരിശിലെ ബലിയിലാണ് (cf. യോഹ 19:28-30). സദാ സക്രിയനായി ജീവൻ പ്രദാനം ചെയ്യാൻ എല്ലാവരിലേക്കും എല്ലായ്പ്പോഴും എത്തിച്ചേരുന്ന സ്നേഹംതന്നെയാണ് ദൈവം. അതുകൊണ്ടുതന്നെ അയയ്ക്കപ്പെടാൻവേണ്ടി വ്യക്തിപരമായി മനസ്സാകുവാൻ അവിടുന്ന് നമ്മോട് ആവശ്യപ്പെടുന്നു. പിതാവായ ദൈവം നമ്മോടുള്ള സ്നേഹത്തെപ്രതി തന്റെ പുത്രനായ യേശുവിനെ അയച്ചു (cf. യോഹ 3:16). യേശു ദൈവപിതാവിന്റെ മിഷനറിയാണ്: പിതാവിന്റെ ഇഷ്ടത്തോട് അവിടുത്തേക്കുള്ള പൂർണമായ അനുസരണം അവിടുത്തെ ജീവിതവും ശുശ്രൂഷയും വഴി വെളിപ്പെടുത്തുന്നു (cf. യോഹ 4:34; 6:38; 8:12-30; ഹെബ്രാ 10:5-10). നമുക്കുവേണ്ടി ക്രൂശിതനായി ഉത്ഥാനം ചെയ്ത ക്രിസ്തു തന്റെ സ്നേഹദൗത്യത്തിലേക്ക് നമ്മെ അടുപ്പിക്കുന്നു. സഭയെ സജീവമാ

ക്കിക്കൊണ്ടിരിക്കുന്ന പരിശുദ്ധാത്മാവിനോടു ചേർന്ന് അവിടുന്നു നമ്മെ തന്റെ ശിഷ്യരാക്കുന്നു; ലോകത്തിലേക്കും അതിന്റെ ജനതകളിലേക്കും നമ്മെ അയയ്ക്കുകയും ചെയ്യുന്നു.

"സഭയുടെ പുറപ്പാടായ 'മിഷൻ' എന്നത് ഒരു കർമ്മപരിപാടിയോ ഇച്ഛാശക്തികൊണ്ട് നിർവഹിക്കപ്പെടേണ്ട ഒരു സംഭവമോ അല്ല. അത് തന്നിൽനിന്നു ബഹിർഗമിക്കുവാൻ സഭയെ സഹായിക്കുന്ന ക്രിസ്തുവിന്റെ പ്രവൃത്തിയാണ്. സുവിശേഷവത്ക്കരണ ദൗത്യത്തിൽ പരിശുദ്ധാത്മാവ് നമ്മെ പ്രചോദിപ്പിക്കുന്നതുകൊണ്ടും സഹായിക്കുന്നതുകൊണ്ടുമാണ് നമുക്ക് പ്രവർത്തിക്കാനാവുന്നത്" (അവനെക്കൂടാതെ നമുക്ക് ഒന്നും ചെയ്യാനാവില്ല, LEV San Paolo, 2019, 16-17). ദൈവമാണ് എപ്പോഴും നമ്മെ ആദ്യം സ്നേഹിക്കുന്നതും സ്നേഹംകൊണ്ട് നമ്മെ കണ്ടുമുട്ടുന്നതും, വിളിക്കുന്നതും. നാം സഭയിൽ ദൈവത്തിന്റെ പുത്രീപുത്രന്മാരാണെന്നതിനാലാണ് നമുക്ക് വ്യക്തിപരമായ വിളി വരുന്നത്. സഭ അവിടത്തെ കുടുംബമാണ്. യേശുവിന്റെ സ്നേഹത്തിൽ നമ്മൾ സഹോദരീസഹോദരന്മാരാണ്. എന്നിരുന്നാലും എല്ലാവർക്കും അവരവരുടേതായ മാനുഷിക മഹത്ത്വമുണ്ട്. അത് ദൈവത്തിന്റെ ക്ഷണത്തെ അടിസ്ഥാനമാക്കിയുള്ളതാണ്. ആ ക്ഷണമാകട്ടെ, നമ്മൾ ദൈവമക്കളായിരിക്കാൻ വേണ്ടിയുള്ളതാണ്. അതായത്, മാമ്മോദീസ എന്ന കൂദാശയിലും വിശ്വാസത്തിന്റെ സ്വാതന്ത്ര്യത്തിലും, ദൈവത്തിന്റെ ഹൃദയത്തിൽ നാം തുടക്കം മുതലേ എന്തായിരുന്നുവോ, അതായിത്തീരുവാൻ വേണ്ടിയാണ്.

### സ്നാനപ്പെട്ട് അയയ്ക്കപ്പെട്ടവർ

സൗജന്യമായി ലഭിച്ച ഒരു സമ്മാനമെന്ന നിലയിൽ മനുഷ്യജീവനിൽ ആത്മദാനത്തിലേക്കുള്ള ഒരു ക്ഷണം അന്തർലീനമായിട്ടുണ്ട്. മാമ്മോദീസ സ്വീകരിച്ചവരിൽ വിവാഹത്തിലും ദൈവരാജ്യത്തെ പ്രതിയുള്ള ഷണ്ഡത്വത്തിലും സ്നേഹത്തിന്റെ പ്രത്യുത്തരമായി വികസിക്കുന്ന വിത്താണിത്. മാനുഷിക ജീവൻ ദൈവത്തിന്റെ സ്നേഹത്തിൽ നിന്ന് ജന്മമെടുത്ത് സ്നേഹത്തിൽ വളർന്ന്, സ്നേഹത്തിലേക്കു നീങ്ങുന്നു. ദൈവസ്നേഹത്തിൽ നിന്ന് ആരും ഒഴിവാ

ക്കപ്പെടുന്നില്ല. തന്റെ പുത്രനായ യേശു കുരിശിൽ സമർപ്പിച്ച വിശുദ്ധ ബലിയിലൂടെ പാപത്തെയും മരണത്തെയും ദൈവം കീഴടക്കി (cf. റോമ 8:31-39). ദൈവത്തെ സംബന്ധിച്ച് തിന്മ - പാപം പോലും - കൂടുതൽ സ്നേഹംകൊണ്ട് പ്രത്യുത്തരിക്കേണ്ട ഒരു വെല്ലുവിളിയാണ് (cf. മത്താ 5:38-48; ലൂക്കാ 22:33-34). പെസഹാരഹസ്യത്തിൽ ദൈവിക കാരുണ്യം നമ്മുടെ മുറിവേറ്റ വ്യക്തിത്വത്തെ സുഖപ്പെടുത്തുന്നു. മാത്രമല്ല, അത് പ്രപഞ്ചം മുഴുവനിലേക്കും ചൊരിയപ്പെടുന്നു. ലോകത്തിനുവേണ്ടിയുള്ള ദൈവസ്നേഹത്തിന്റെ സാർവത്രിക കൂദാശയാണ് സഭ. അത് ചരിത്രത്തിൽ യേശുവിന്റെ ദൗത്യം തുടരുന്നു, എല്ലായിടത്തേക്കും നമ്മെ അയയ്ക്കുന്നു. നമ്മുടെ വിശ്വാസത്തിന്റെ സാക്ഷ്യവും സുവിശേഷണപ്രഘോഷണവും വഴി ദൈവം തന്റെ സ്നേഹത്തിന്റെ വെളിപ്പെടുത്തൽ തുടരാനും അങ്ങനെ ഹൃദയങ്ങളെയും മനസ്സുകളെയും സമൂഹങ്ങളെയും സംസ്കാരങ്ങളെയും എല്ലായിടത്തും എല്ലാക്കാലത്തും രൂപാന്തരപ്പെടുത്താനുമാണത്.

മിഷൻ എന്നത് ദൈവവിളിയോടുള്ള സ്വതന്ത്രവും ബോധപൂർവവുമായ പ്രത്യുത്തരമാണ്. എന്നാലും സഭയിൽ സന്നിഹിതനായിരിക്കുന്ന യേശുവിനോട് വ്യക്തിപരമായ ബന്ധം ഉള്ളപ്പോൾ മാത്രമേ ഈ വിളി നമ്മൾ തിരിച്ചറിയുകയുള്ളൂ. നമുക്ക് നമ്മോടു തന്നെ ഇങ്ങനെ ചോദിക്കാം: നമ്മുടെ ജീവിതത്തിൽ സന്നിഹിതനായിരിക്കുന്ന പരിശുദ്ധാത്മാവിനെ സ്വാഗതം ചെയ്യാൻ നമ്മൾ തയ്യാറാണോ? മിഷനിലേക്കുള്ള വിളി കേൾക്കാൻ നമ്മൾ ഭാര്യാഭർത്താക്കന്മാരായാലും സമർപ്പിത വ്യക്തികളായാലും തിരുപ്പട്ടം സ്വീകരിച്ച് ശുശ്രൂഷ ചെയ്യാൻ വിളിക്കപ്പെട്ടവരായാലും, ജീവിതത്തിന്റെ ദൈനംദിന കാര്യങ്ങളിൽ മിഷനിലേക്കുള്ള വിളി കേൾക്കാൻ നമ്മൾ തയ്യാറാണോ? കരുണനിറഞ്ഞ പിതാവായ ദൈവത്തിലുള്ള വിശ്വാസത്തിന് ഏതു സമയത്തും ഏതു സ്ഥലത്തും സാക്ഷ്യം വഹിക്കാനും യേശുക്രിസ്തുവിലുള്ള രക്ഷയുടെ സുവിശേഷം പ്രഘോഷിക്കാനും സഭയെ പടുത്തുയർത്തിക്കൊണ്ട് പരിശുദ്ധാത്മാവിന്റെ ദൈവികത പങ്കുവയ്ക്കാനും നാം തയ്യാറാണോ? ദൈവേഷ്ടത്തിനു പൂർണമായി സേവനം ചെയ്യാൻ യേശുവിന്റെ അമ്മയായ മറിയത്തെപ്പോലെ (cf.

ലൂക്കാ 1:38) തയ്യാറാണോ? “കർത്താവേ, ഇതാ ഞാൻ എന്നെ അയയ്ക്കുക” (cf. ഏശ 6:8) എന്ന് ദൈവത്തോട് നാം പറയണമെങ്കിൽ ഈ ആന്തരിക തുറവ് നമുക്ക് അത്യാവശ്യമാണ്. ഇത് അമൂർത്തമായിട്ടുള്ളതല്ല. പിന്നെയോ, സഭയുടെയും ചരിത്രത്തിന്റെയും ഈ അധ്യായത്തിലുള്ളതാണ്.

**കാലികമായ മിഷൻ**

ഈ മഹാമാരിയുടെ കാലത്ത് ദൈവം നമ്മോടു എന്താണ് പറയുന്നതെന്ന് മനസ്സിലാക്കുകയെന്നത് സഭയുടെ മിഷനറി പ്രവർത്തനങ്ങൾക്ക് ഒരു വെല്ലുവിളിയാണ്. രോഗങ്ങളും സഹനങ്ങളും ഭയവും ഒറ്റപ്പെടുത്തലുമൊക്കെ നമുക്ക് വെല്ലുവിളി തന്നെയാണ്. ആരുംപോരുമില്ലാതെ തനിച്ചു മരിക്കാൻ വിധിക്കപ്പെട്ടവർ, പരിത്യക്തർ, തൊഴിലും വരുമാനവും നഷ്ടപ്പെട്ടവർ, ഭവനരഹിതർ, ഭക്ഷണമില്ലാത്തവർ എന്നിവരുടെ ദാരിദ്ര്യം നമുക്കൊരു കീറാമുട്ടിയാണ്. സാമൂഹിക അകലം പാലിക്കാനും ഒറ്റയ്ക്കു താമസിക്കാനും നിർബന്ധിക്കപ്പെടുന്ന അവസ്ഥ സാമൂഹികബന്ധങ്ങളും ദൈവവുമായിട്ടുള്ള നമ്മുടെ സാമൂഹിക ബന്ധവും വീണ്ടും കണ്ടെത്തണമെന്ന് ആവശ്യപ്പെടുന്നുണ്ട്. വർധിച്ചുവരുന്ന വിശ്വാസമില്ലായ്മയും നിസ്സംഗതയും ഒഴിവാക്കി, മറ്റുള്ളവരോട് ബന്ധപ്പെടാനുള്ള നമ്മുടെ മാർഗത്തെക്കുറിച്ച് കൂടുതൽ ശ്രദ്ധിക്കാൻപോലും ഈ അവസ്ഥ നമ്മെ നിർബന്ധിക്കണം. ദൈവം നമ്മെ സ്പർശിക്കുകയും നമ്മുടെ ഹൃദയങ്ങളെ ചലിപ്പിക്കുകയും ചെയ്യുന്ന പ്രാർത്ഥന വഴി മഹത്ത്വത്തിനും സ്വാതന്ത്ര്യത്തിനും വേണ്ടിയുള്ള നമ്മുടെ സഹോദരീസഹോദരന്മാരുടെ ആവശ്യങ്ങളോട് നമ്മെ കൂടുതൽ തുറവുള്ളവരാക്കുകയും വേണം. അതുപോലെതന്നെ സർവസൃഷ്ടികളെയും സംരക്ഷിക്കാൻ ഉത്തരവാദിത്വമുള്ളവരുമാക്കണം. ഒരു സഭയായി സമ്മേളിച്ച് കുർബാനയാഘോഷിക്കാൻ സാധ്യമല്ലാത്ത അവസ്ഥ, ഓരോ ഞായറാഴ്ചയും കുർബാനയാഘോഷിക്കാൻ കഴിയാത്ത അനേകം ക്രൈസ്തവ സമൂഹങ്ങളുടെ അനുഭവം തിരിച്ചറിയുന്നതിന് നമ്മെ സഹായിച്ചിട്ടുണ്ട്. ഇതിലെല്ലാം ദൈവത്തിന്റെ ചോദ്യം ഒരിക്കൽകൂടി നമ്മിലേക്കു വരുന്നു. അവിടന്ന് നമ്മുടെ ഉദാരപൂർണവും ബോധ്യമാർന്നതുമായ

ഉത്തരത്തിനായി കാത്തിരിക്കുന്നു: "ഇതാ ഞാൻ, എന്നെ അയച്ചാലും" (ഏശ 6:8). ലോകത്തിലേക്കും ജനതകളിലേക്കും തന്റെ സ്നേഹത്തിനും പാപത്തിൽ നിന്നും മരണത്തിൽ നിന്നും താൻ നല്കുന്ന മോചനത്തിനും, തിന്മയിൽ നിന്നു നല്കുന്ന രക്ഷയ്ക്കും സാക്ഷ്യം വഹിക്കുന്നതിന് ആരെ അയയ്ക്കാൻ കഴിയുമെന്ന് കാണാൻ ദൈവം തുടർച്ചയായി കാത്തിരിക്കുന്നു (cf. മത്താ 9:35-38; ലൂക്കാ 10:1-12).

ലോകമിഷൻ ദിനാഘോഷം സഭയിലെ യേശുവിന്റെ മിഷൻ പ്രവർത്തനങ്ങളിൽ പ്രാർത്ഥന, ധ്യാനം, സാമ്പത്തികസഹായം നൽകൽ എന്നീ മാർഗങ്ങളിലൂടെ സജീവമായി പങ്കുചേരാനുള്ള ഉറപ്പാർന്ന സന്ദർഭങ്ങൾ കൂടിയാണ്.

പൊന്തിഫിക്കൽ മിഷൻ സൊസൈറ്റികൾ എന്റെ പേരിൽ നിർവഹിക്കുന്ന പ്രേഷിതപ്രവർത്തനത്തെ പിന്താങ്ങാനും എല്ലാവരുടെയും രക്ഷയ്ക്കുവേണ്ടി ലോകമാസകലമുള്ള ജനതകളുടെയും സഭകളുടെയും ആധ്യാത്മികവും ഭൗതികവുമായ ആവശ്യങ്ങൾക്ക് ഉപയോഗിക്കാനും ഉദ്ദേശിച്ചിട്ടുള്ളതാണ് ഒക്ടോബർ മൂന്നാം ഞായറാഴ്ചയിലെ ആരാധനാക്രമാനുഷ്ഠാന മധ്യേ ശേഖരിക്കുന്ന സംഭാവനകളിലൂടെ പ്രകടിപ്പിക്കപ്പെടുന്ന പരസ്നേഹം.

സുവിശേഷവത്കരണത്തിന്റെ നക്ഷത്രവും പീഡിതരുടെ ആശ്വാസവും പുത്രനായ യേശുവിന്റെ മിഷണറി ശിഷ്യയുമായ പരിശുദ്ധ കന്യാസ്ത്രീ മറിയം നമുക്കുവേണ്ടിയുള്ള മധ്യസ്ഥ യാചന തുടരുകയും നമ്മെ താങ്ങിനിറുത്തുകയും ചെയ്യട്ടെ.

റോമാ, സെന്റ് ജോൺ ലാറ്ററൻ, 31 മേയ് 2020,
പെന്തക്കുസ്താത്തിരുനാൾ ദിവസം

**ഫ്രാൻസിസ് പാപ്പാ**

പി.ഒ.സി., കേരള കത്തോലിക്കാസഭയുടെ ആസ്ഥാനകാര്യാലയം
കൊച്ചി - 682 025

PL. 5.

**ഇടയലേഖനം**

# പരിശുദ്ധ അമ്മയ്ക്കൊപ്പം ജപമാലമാസം

ഈശോമിശിഹായിൽ വാത്സല്യം നിറഞ്ഞ വൈദികരേ, സമർപ്പിതരേ, സഹോദരീ സഹോദരന്മാരേ,

ഒക്ടോബർ മാസം പരിശുദ്ധദൈവമാതാവിനെ ജപമാല റാണിയായി വണങ്ങുന്ന മാസമാണ്. നൂറ്റാണ്ടുകളായി കുടുബാംഗങ്ങൾ എല്ലാവരും ഒരുമിച്ചിരുന്ന് നിത്യവും സായാഹ്നത്തിൽ ജപമാല ചൊല്ലി പ്രാർത്ഥിക്കുന്ന പാരമ്പര്യം നമുക്കുണ്ട് എന്നുള്ളത് എത്രയോ അനുഗ്രഹപ്രദമാണ്. നമ്മുടെ കുടുംബങ്ങളുടെ ശക്തിയും കൂട്ടായ്മയുടെ അടിസ്ഥാനവും ജപമാല ഭക്തി തന്നെയാണ്. ഈ ജപമാല ഭക്തിയുടെ പ്രസക്തി ഇക്കാലത്തും ഒട്ടും നഷ്ടപ്പെട്ടിട്ടില്ല എന്നത് ശ്രദ്ധേയമാണ്. ഒരുപാട് സ്നേഹത്തോടെയും ഭക്തിയോടെയും ജപമാലയുടെ ഒരു പുതിയ വസന്തകാലാനുഭവത്തിലേക്ക് നാമെല്ലാം എത്തിച്ചേരണം. നമ്മുടെ ദൈവാലയങ്ങളും കുടുംബങ്ങളും തന്നെ അതിന് വേദിയാവണം.

പ്രിയപ്പെട്ട മാതാപിതാക്കളെ, നിങ്ങളുടെ ബാല്യകാലത്തിൽ എത്രയോ തീക്ഷ്ണതയോടെയായിരുന്നു സന്ധ്യായാമങ്ങളിൽ ജപമാല ചൊല്ലിയിരുന്നത്. ആ പ്രാർത്ഥനാ നിമിഷങ്ങൾ നിങ്ങൾക്കു സമ്മാനിച്ച അസാധാരണമായ ധൈര്യം ജീവിതത്തിലെ പരുക്കൻ യാഥാർത്ഥ്യങ്ങളെ അഭിമുഖീകരിക്കാൻ നിങ്ങളെ പ്രാപ്തരാക്കി എന്നത് നിങ്ങളുടെ കുഞ്ഞുങ്ങളും അറിയേണ്ടതല്ലേ. ജപമാല ചൊല്ലുന്ന ഒരാൾ മിശിഹായെ അവന്റെ ജീവിതത്തിന്റെ കേന്ദ്രമാക്കുകയാണ്. സന്തോഷത്തിന്റെയും, ദുഃഖത്തിന്റെയും, മഹിമയുടെയും, പ്രകാശത്തിന്റെയും രഹസ്യങ്ങളിലൂടെ ഒരുവൻ കടന്നുപോകുമ്പോൾ അവന്റെ ജീവിതത്തിന്റെ, കാലത്തിന്റെ, ചുറ്റുപാടിന്റെയെല്ലാം കേന്ദ്രമായി ക്രിസ്തു മാറുന്നു. ബെനഡിക്ട് 16-ാമൻ മാർപ്പാപ്പ ജപമാലയെ

വിശേഷിപ്പിക്കുന്നത് ''ജപമാല, തീർത്ഥാടനജീവിതം നയിക്കുന്ന ക്രിസ്ത്യാനിയുടെ പ്രാർത്ഥനയാണ്. ക്രിസ്തുവിലേക്കുള്ള ആ വിശ്വാസയാത്രയിൽ മറിയമാണ് നമ്മെ നയിക്കുന്നത്'' എന്നാണ്.

പരിശുദ്ധ മറിയത്തെ ജപമാല രാജ്ഞിയായി വിശേഷിപ്പിച്ചുകൊണ്ട് ജപമാല റാണിയുടെ തിരുനാൾ ആരാധനവത്സരത്തിൽ (ഒക്ടോബർ 7) ഉൾപ്പെടുത്തിയത് 1569-ൽ അഞ്ചാം പീയൂസ് മാർപാപ്പയാണ്. 1214 ൽ വി. ഡൊമിനിക്കിന് പ്രത്യക്ഷയായ ദൈവമാതാവ് വിശുദ്ധന് ഒരു ജപമാല സമ്മാനിച്ചു എന്ന പാരമ്പര്യമാണ് ജപമാല ഭക്തിയുടെ ഉറവിടം. സന്യാസഭവനങ്ങളിൽ 150 സങ്കീർത്തനങ്ങൾ ചൊല്ലി യാമപ്രാർത്ഥനകൾ നടത്തിയിരുന്ന പതിവിന് സമാനമായി, സാധരണക്കാർക്കു വേണ്ടി 150 തവണ 'നന്മനിറഞ്ഞ മറിയമേ' എന്ന പ്രാർത്ഥന ചൊല്ലുന്ന രീതി ആരംഭിച്ചത് വി. ഡൊമിനിക്ക് ആണ്. ആദ്യ കാലത്ത് ജപമാല രഹസ്യങ്ങൾക്കു പകരം സങ്കീർത്തനങ്ങളാണ് ഉപയോഗിച്ചിരുന്നത്. പിന്നീട് ജപമാലയെ ക്രിസ്തു സംഭവവുമായി ബന്ധിപ്പിച്ചുകൊണ്ട് ഈശോയുടെ ജീവിതത്തിലെ വിവിധ സംഭവങ്ങളെ ധ്യാനിക്കുന്ന രഹസ്യങ്ങൾ കൂട്ടിച്ചേർത്തത് 14-ാം നൂറ്റാണ്ടിലാണ്. 1483 ൽ ഡൊമിനിക്കൻ സഭ പ്രസിദ്ധീകരിച്ച 'നമ്മുടെ അമ്മയുടെ സങ്കീർത്തനം' എന്ന ഗ്രന്ഥത്തിലാണ് ഇന്നു നാം ചൊല്ലുന്ന രീതിയിൽ 15 രഹസ്യങ്ങളും (സന്തോഷം, ദുഃഖം, മഹിമ) 150 തവണ നന്മ നിറഞ്ഞ മറിയമേ... എന്ന പ്രാർത്ഥനയും ഓരോ ദശകത്തിനും കർതൃപ്രാർത്ഥനയും ത്രിത്വസ്തുതിയുമടങ്ങുന്ന ജപമാല രീതി അവതരിപ്പിച്ചത്. 15-ാം നൂറ്റാണ്ടിൽ ആരംഭിച്ച ജപമാല പ്രാർത്ഥനയിൽ രണ്ട് കൂട്ടിച്ചേർക്കലുകൾ ഉണ്ടായിട്ടുണ്ട്. ഇരുപതാം നൂറ്റാണ്ടിൽ ഫാത്തിമയിലെ പ്രത്യക്ഷ വേളയിൽ മാതാവ് പഠിപ്പിച്ച പ്രാർത്ഥന ('ഓ എന്റെ ഈശോയെ...') ജപമാലയുടെ ഓരോ ദശകങ്ങൾക്കു ശേഷവും ചൊല്ലുന്ന പതിവ് ആരംഭിച്ചു. 2002 ൽ വിശുദ്ധ ജോൺ പോൾ രണ്ടാമൻ മാർപാപ്പ പ്രകാശത്തിന്റെ അഞ്ചു രഹസ്യങ്ങൾകൂടി കൂട്ടിച്ചേർത്ത് ജപമാലയിലെ ധ്യാനരഹസ്യങ്ങളുടെ എണ്ണം ഇരുപതായി ഉയർത്തി.

ഒക്ടോബർ മാസം ജപമാല മാസമായി ആചരിക്കുന്നതിന്റെ പിന്നിൽ ഒരു ചരിത്രമുണ്ട്. തുർക്കികളുടെ അധിനിവേശ കാലത്ത് അവർ യൂറോപ്പു കീഴടക്കാനും ക്രിസ്ത്യാനികളെ വധിക്കാനും തീരുമാനിച്ചു. 1571 ഒക്ടോബർ ആരംഭത്തിൽ ലെപ്പാൻന്റോ നഗരത്തിൽ വച്ച് നിർണ്ണായകമായ ഒരു യുദ്ധം നടന്നു. ഇറ്റലി, ഫ്രാൻസ്, സ്പെയിൻ എന്നീ രാജ്യങ്ങൾ സംയുക്തമായി തുർക്കി സേനയോട് ഏറ്റുമുട്ടി. ഈ യുദ്ധകാലത്ത് അഞ്ചാം പീയൂസ് മാർപാപ്പയുടെ ആഹ്വാനമനുസരിച്ച് യൂറോപ്പിലെ മുഴുവൻ വിശ്വാസികളും ജപമാല ചൊല്ലി പ്രാർത്ഥിച്ചു. മാർപാപ്പയാകട്ടെ പത്തു ദിവസം തുടർച്ചയായി ജപമാല ചൊല്ലി പ്രാർത്ഥിക്കുവാൻ വ്രതമെടുത്തു. ഈ പ്രാർത്ഥനയുടെ ഏഴാം ദിനമായ ഒക്ടോബർ 7-ന് മാർപാപ്പ ജപമാല ചൊല്ലിക്കൊണ്ടിരുന്നപ്പോൾ തുർക്കിയുടെ പരാജയവാർത്ത പാപ്പായെ തേടിയെത്തി. കൃതജ്ഞതാ സൂചകമായി ഒക്ടോബർ 7-ാം തിയതി ജപമാല റാണിയുടെ തിരുനാളായി (വിജയമാതാവിന്റെ തിരുനാൾ) മാർപാപ്പാ പ്രഖ്യാപിച്ചു. ഒക്ടോബർ മാസം ജപമാലഭക്തിയുടെ മാസമായി പാപ്പ സമർപ്പിക്കുകയും ചെയ്തു.

ജപമാലഭക്തിയെക്കുറിച്ച് വിവിധ കാലങ്ങളിലായി 48 മാർപാപ്പാമാർ 287 തിരുവെഴുത്തുകളും, ശ്ലൈഹികപ്രബോധനങ്ങളും, ചാക്രികലേഖനങ്ങളും പുറപ്പെടുവിച്ചിട്ടുണ്ട് എന്നതു തന്നെ ജപമാലയുടെ പ്രാധാന്യമാണ് വ്യക്തമാക്കുന്നത്. ക്രൈസ്തവ വിശ്വാസരഹസ്യങ്ങളെ ധ്യാനിക്കുന്ന ഈ ജപമാല ഭക്തിയെ ഏറ്റവുമധികം പ്രചരിപ്പിച്ച മാർപാപ്പ ലെയൊ പതിമൂന്നാമൻ (1878-1903) ആണ്. ജപമാലയെക്കുറിച്ച് 12 ചാക്രികലേഖനങ്ങളും അഞ്ച് അപ്പസ്തോലിക പ്രബോധനങ്ങളും പുറപ്പെടുവിച്ച ഈ മാർപാപ്പാ 'ജപമാലയുടെ പാപ്പ' എന്ന പേരിലാണ് അറിയപ്പെടുന്നത്. ലുത്തിനിയായിൽ 'പരിശുദ്ധ ജപമാലയുടെ രാജ്ഞി' എന്ന വിശേഷണം കൂട്ടിച്ചേർത്തതും ഈ മാർപാപ്പയാണ്. ഇപ്പോൾ ലോകം മുഴുവൻ നേരിട്ടുകൊണ്ടിരിക്കുന്ന വലിയ വിപത്തായ കോവിഡ് 19-ന്റെ പശ്ചാത്തലത്തിൽ 2020 ജൂൺ 20-ാം തിയതി പരിശുദ്ധ കന്യകാമറിയത്തിന്റെ വിമലഹൃദയ

ത്തിരുനാളിൽ ലുത്തിനിയായിൽ മൂന്ന് സംബോധനകൾ കൂട്ടിചേർത്ത് പരിശുദ്ധ അമ്മയുടെ മധ്യസ്ഥസഹായം യാചിക്കാനായി വിശ്വാസികളെ ഫ്രാൻസിസ് പാപ്പാ ഉദ്ബോധിപ്പിക്കുകയുണ്ടായി.

കോവിഡ് 19-ന്റെ പശ്ചാത്തലത്തിൽ പരി. പിതാവ് ഫ്രാൻസിസ് മാർപാപ്പ വിശ്വാസികൾക്കായി എഴുതിയ കത്തിൽ (2020 ഏപ്രിൽ 25) മരിയഭക്തിയെ ഇപ്രകാരം അവതരിപ്പിക്കുന്നു: 'നമ്മുടെ അമ്മയായ മറിയത്തിന്റെ അതേ ഹൃദയഭാവത്തോടെ ഈശോയെ നോക്കുക. ഒരു ആത്മീയ കുടുംബം എന്ന നിലയിൽ ഈ പരീക്ഷണകാലത്തെ അതിജീവിക്കാൻ ഇത് നമ്മെ സഹായിക്കും'. ഈ കത്തിൽ രണ്ട് പ്രാർത്ഥനകൾ കൂടി പാപ്പ നമ്മെ പരിചയപ്പെടുത്തുന്നുണ്ട്. ഒന്ന്: പിതാവിന്റെ ഹിതത്തോട് അനുരൂപപ്പെടുന്ന ഒരു വ്യക്തിയാകാൻ അമ്മയോട് പ്രാർത്ഥിക്കുന്നു. രണ്ട്: ലോകമാകെ വ്യാപിച്ചിരിക്കുന്ന കൊറോണ വൈറസ് ഭീതിയിൽ കഴിയുന്ന മക്കളെ തന്റെ കരുണ നിറഞ്ഞ കണ്ണുകൾ കൊണ്ട് അമ്മ നോക്കാനും, അങ്ങനെ ഈ മഹാദുരിതം അവസാനിച്ച് പ്രത്യാശയും സമാധാനവും നിറഞ്ഞ ഒരു പുതിയ കാലത്തിനായും പ്രാർത്ഥിക്കുന്നു. ഈ ജപമാല മാസാചരണത്തിൽ പരിശുദ്ധ അമ്മയോടുള്ള ഈ പ്രാർത്ഥനകൾ വളരെ പ്രസക്തമാണ്. ഈ മഹാമാരി വിതച്ച മഹാദുരിതങ്ങളെ അഭിമുഖീകരിക്കാനും പിതാവിന്റെ ഹിതത്തോട് പൂർണ്ണമായി അനുരൂപപ്പെട്ട പരിശുദ്ധ അമ്മയുടെ മാതൃക സ്വന്തമാക്കാനും ജപമാല ഭക്തി നമ്മെ സഹായിക്കും.

ക്രിസ്തു രഹസ്യങ്ങൾ ധ്യാനിക്കുന്ന പ്രാർത്ഥനയാണ് ജപമാല. അതോടൊപ്പം പരി. മറിയത്തെയും ഈ പ്രാർത്ഥനയിലൂടെ നാം വണങ്ങുന്നു. ജപമാല പ്രാർത്ഥനയിൽ നാം ധ്യാനവിഷയമാക്കുന്നത് ഈശോമിശിഹായുടെ ജനനം, പരസ്യ ജീവിതം, പീഢാസഹനം, മരണം, ഉത്ഥാനം, സ്വർഗ്ഗാരോഹണം, സഭയുടെ ആരംഭം, പരിശുദ്ധ മറിയത്തിന്റെ സ്വർഗ്ഗാരോപണം, കിരീടധാരണം എന്നീ വിശ്വാസസത്യങ്ങളാണ്. ദൈവത്തിൽനിന്ന് താൻ സ്വീകരിച്ച ദൗത്യം വഴിയായി മിശിഹാരഹസ്യവുമായി ഏറ്റവും അടുത്ത് ബന്ധപ്പെട്ടവളാണ് പരി.

മറിയം. ഈശോയുടെ വഴിയെ ഏറ്റവും അടുത്ത് പിഞ്ചെന്നതും നമ്മുടെ സ്വർഗീയ അമ്മയാണ്.

ജപമാലപ്രാർത്ഥന നമ്മിൽ ക്രിസ്തീയ പുണ്യങ്ങൾ സമൃദ്ധമായി വളരുവാൻ സഹായിക്കും. ആത്മീയ നിറവും, ധാർമിക വളർച്ചയും, സർവ്വോപരി ദൈവാനുഗ്രഹവും പ്രദാനം ചെയ്യുന്ന പ്രാർത്ഥനയാണിത്. ഈ സന്ദർഭത്തിൽ ജപമാല മാസാചരണത്തിന്റെ ഭാഗമായി നമ്മുടെ ഇടവകകളിൽ ഈ വർഷം നടത്തുവാൻ സാധിക്കുന്ന ഏതാനും കാര്യങ്ങൾ സൂചിപ്പിക്കുന്നു:

1. സാധിക്കുന്ന എല്ലാവരും ആഴ്ചയിൽ ഒരു ദിവസമെങ്കിലും വിശുദ്ധ കുർബാനയിൽ പങ്കെടുക്കുവാൻ ശ്രദ്ധിക്കണം.
2. സാധിക്കുന്ന എല്ലാ ദൈവാലയങ്ങളും ഒക്ടോബർ മാസത്തിലെ ഏതെങ്കിലുമൊരു ദിവസം ദിവ്യകാരുണ്യ ആരാധനയോടു കൂടി അഖണ്ഡ ജപമാല നടത്തേണ്ടതാണ് (ദിവസം ഇടവകകൾ നിശ്ചയിക്കേണ്ടതാണ്).
3. ദൈവാലയങ്ങളിൽ സാധിക്കുമെങ്കിൽ എല്ലാ ദിവസവും ഒരു മണിക്കൂർ ദിവ്യകാരുണ്യ ആരാധന നടത്തുക.
4. അഖണ്ഡ ബൈബിൾ പാരായണം നടത്തുക.
5. ഇടവകകളിൽ ഓൺലൈൻ സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തിക്കൊണ്ട് ജപമാല മാസം ആചരിക്കുക.

(കോവിഡ് 19 മാനദണ്ഡങ്ങൾ കൃത്യമായി പാലിച്ചുകൊണ്ടായിരിക്കണം ഇവ ചെയ്യേണ്ടത്)

### ജപമാല മാസാചരണത്തിൽ പ്രത്യേകം അനുസ്മരിക്കേണ്ട പ്രാർത്ഥനാ നിയോഗങ്ങൾ:

1. സാർവ്വത്രിക സഭയുടെ തലവനായ പരിശുദ്ധ പിതാവിന്റെ എല്ലാ നിയോഗങ്ങൾക്കും വേണ്ടി.

2. നമ്മുടെ സഭാതലവനായ മേജർ ആർച്ച് ബിഷപ്പിന്റെ നിയോഗങ്ങൾക്ക് വേണ്ടി.

3. രൂപതയുടെ പ്രത്യേക നിയോഗങ്ങൾ:

   കുടുംബങ്ങളുടെ വിശുദ്ധീകരണം, യുവജനങ്ങളുടെ വിശുദ്ധീകരണം, വൈദികരുടെയും സമർപ്പിതരുടെയും വിശുദ്ധീകരണം, അരുണാചൽപ്രദേശ് മിഷൻ.

4. കൊറോണ രോഗബാധിതർ, ആരോഗ്യ പ്രവർത്തകർ എന്നിവർക്കായി.

5. വാർദ്ധക്യവും, രോഗവും, പട്ടിണിയും മൂലം ക്ലേശങ്ങൾ അനുഭവിക്കുന്നവർക്കായി.

6. മതപീഡനത്തിനു വിധേയരാകുന്ന ക്രൈസ്തവർക്ക് വേണ്ടി.

7. മിഷനറിമാർക്ക് വേണ്ടിയും നല്ല ദൈവവിളികൾക്ക് വേണ്ടിയും.

പരി. അമ്മ കരുണയുടെയും, പ്രത്യാശയുടെയും അമ്മയാണ്. ലോകം മുഴുവൻ വ്യാപിച്ചിരിക്കുന്ന ഈ അസാധാരണ സാഹചര്യത്തെ നേരിടാൻ നമുക്ക് ജപമാല കൈകളിലേന്താം. രോഗികളായി കഴിയുന്നവർക്കും ഭാവിയെക്കുറിച്ച് അനിശ്ചിതത്വം പേറി ജീവിക്കുന്നവർക്കും വേണ്ടി നമുക്കു പ്രാർത്ഥിക്കാം. ക്രിസ്തുവിന്റെ മരണശേഷം ഒറ്റപ്പെട്ടുപോയ ശിഷ്യന്മാരെ ഉത്ഥാനത്തിന്റെ മഹാരഹസ്യത്തിലേക്ക് കൂട്ടിക്കൊണ്ടുവന്ന പരിശുദ്ധ അമ്മ നമുക്ക് പ്രത്യാശയേകട്ടെ. പരിമിതമായ സാഹചര്യങ്ങളിലും നമ്മുടെ കുടുംബങ്ങളിൽ ജപമാല ചൊല്ലിക്കൊണ്ട് ഈ കാലഘട്ടത്തെ നമുക്ക് അതിജീവിക്കാം.

പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ നിങ്ങളേവരേയും ആശീർവദിച്ചുകൊണ്ട്,

✝ മാർ ജോൺ നെല്ലിക്കുന്നേൽ
ഇടുക്കി രൂപത മെത്രാൻ

**NB:** ഈ ഇടയലേഖനം ഒക്ടോബർ 4-ാം തിയതി ഞായറാഴ്ച വി. കുർബാന മദ്ധ്യേ വായിക്കേണ്ടതാണ്.

**C. 45/20 New Appointments**

Fr. George Marippattu CMI - Calvarymount
Fr. Joseph Peechattu CMI - Korandikkadu
Fr. James Purayidathil OFM Cap. - Spiritual Assistant to Secular Fransiscan Order

**Relieved**

Fr. Joseph Thalipparambil CMI
Fr. Peter Mathekkal CMI
Fr. Varghese Vazhayil OFM Cap.

*Bishop*

**C. 46/20 Monthly Recollection for Priests**

ഒക്ടോബർ മാസത്തെ പഠനവിഷയം: ഇടുക്കി രൂപതാ നിയമാവലി 123 മുതൽ 134 വരെ നമ്പറുകൾ ബഹു. വൈദികർ ഒരുമിച്ചുകൂടി വായിച്ച് ചർച്ച ചെയ്യുന്നു.

*Proto Syncellus*

**C. 47/20 വൈദികരുടെ വാർഷിക ധ്യാനം**

നമ്മുടെ രൂപതയിൽ സേവനംചെയ്യുന്ന വൈദികരുടെ വാർഷികധ്യാനം നവംബർ 1-5, 8-12, 15-19 തീയതികളിൽ മൂന്നു ബാച്ചുകളായി അടിമാലി ആത്മജ്യോതിയിൽ കോവിഡ് പ്രോട്ടോകോൾ അനുസരിച്ച് നടത്തുന്നതാണ്. ഫാ. ജോസ് പറപ്പള്ളി MSFS ആണ് ധ്യാനഗുരു. ഇതോടനുബന്ധിച്ചുള്ള മററു വിവരങ്ങൾ Eparchial News വഴി അറിയിച്ചുകൊണ്ടിരിക്കുന്നതായിരിക്കും.

ധ്യാനാവസരത്തിൽ കുമ്പസാര അനുവാദ പത്തേന്തി

പുതുക്കേണ്ടതും കുർബാന കണക്കുകൾ പരിശോധനയ്ക്കായി നല്കേണ്ടതുമാണ്.

വൈദികരുടെ വാർഷിക ധ്യാനത്തിന്റെ വിജയത്തിനുവേണ്ടിയുള്ള പ്രാർത്ഥന (അവസാനത്തെ പേജിലുണ്ട്) നമ്മുടെ എല്ലാ ദൈവാലയങ്ങളിലും സന്യാസഭവനങ്ങളിലും നവംബർ 19 വരെ ചൊല്ലേണ്ടതാണ്.

The Rev. Fathers are to fulfill the following Mass intentions and report to the Curia before the retreat.

1. For the priests of the Eparchy-1
2. Ad intentionem episcopi (Stipend to be used for charitable purposes) -4
3. Ad intentionem episcopi (Stipend to be used to meet the expenses of the retreat)-4

NB: The Mass intentions in Nos. 1 and 2 are to be fulfilled by all, while those in No. 3 only by those who take part in the common retreat.

The presbyters who participate in the retreat are to bring with them the Mass Account and Confession Patent.

All the faithful in the Eparchy have the duty to pray for the presbyters who participate in the retreat. The parish priests may remind the faithful that the Eparchial Curia is closed during the common retreat.

*Bishop*

**C. 48/20 യുവവൈദികരുടെ ആനിമേഷൻ**

2014-2015 ബാച്ച് മുതൽ 2019-2020 ബാച്ച് വരെ പൗരോഹിത്യം സ്വീകരിച്ചിട്ടുള്ള വൈദികരുടെ Animator ആയി പെ. ബഹു.

സെബാസ്റ്റ്യൻ കൊച്ചുപുരയ്ക്കൽ അച്ചനെ നിയോഗിച്ചിരിക്കുന്ന കാര്യം ഓർമ്മിപ്പിക്കുന്നു. പ്രസ്തുത ബാച്ചുകളിൽപെട്ട വൈദികർ ഇക്കാര്യം ശ്രദ്ധിക്കുമല്ലോ. ഈ വൈദികർക്ക് തങ്ങളാരംഭിച്ചിരിക്കുന്ന പൗരോഹിത്യജീവിതം ഏറ്റവും ഫലപ്രദമായി നയിക്കുവാൻ ഉചിതമായ കർമ്മപരിപാടികൾ അച്ചന്റെ നേതൃത്വത്തിൽ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതാണ്.

## C. 49/20 തിരുനാൾ മംഗളങ്ങൾ

| | |
|---|---|
| റവ. ഫാ. ഫ്രാൻസീസ് ഇടവക്കണ്ടം | ഒക്ടോബർ 04 |
| റവ. ഫാ. ഫ്രാൻസീസ് കോലോത്ത് | ,, |
| റവ. ഫാ. ഫ്രാൻസീസ് ചുനയന്മാക്കൽ | ,, |
| റവ. ഫാ. ഫ്രാൻസീസ് അമ്പലത്തിങ്കൽ | ,, |
| റവ. ഫാ. ഫ്രാൻസീസ് കുഴിപ്പിള്ളിൽ | ,, |
| റവ. ഫാ. അബ്രാഹം പുറയാറ്റ് | ഒക്ടോബർ 09 |
| റവ. ഫാ. അബ്രാഹം ഇരട്ടച്ചിറയിൽ | ,, |
| റവ. ഫാ. അബ്രാഹം കൊച്ചുപറമ്പിൽ | ,, |
| റവ. ഫാ. അബ്രാഹം മണിമലക്കുന്നേൽ | ,, |
| റവ. ഫാ. ലൂക്ക് ആനിക്കുഴിക്കാട്ടിൽ | ഒക്ടോബർ 18 |
| റവ. ഫാ. ലൂക്ക് തച്ചാപറമ്പത്ത് | ,, |

*Bishop*

# ക്രിസ്തുജ്യോതി

## CJ. 52/20 റീജീയണൽ മതാദ്ധ്യാപക കവെൻഷൻ
### (zoom video conference) October 2020 (4, 11, 18 തിയതികളിൽ)

നമ്മുടെ രൂപതയിലെ മതാധ്യാപകർക്കായി ഫൊറോനാ തലത്തിൽ Zoom Video Conference, 2020 ഒക്ടോബർ 4, 11, 18 തിയതികളിൽ നടത്തുന്നു. കൺവെൻഷൻ തീയതിയും സമയക്രമവും താഴെ ചേർക്കുന്നു.

| തിയതി | സമയം | പങ്കെടുക്കേണ്ട ഫൊറോനകൾ |
|---|---|---|
| Oct. 4 ഞായർ | 2:30 pm - 4:00 pm | വാഴത്തോപ്പ്, ചുരുളി |
| Oct. 4 ഞായർ | 4:30 pm - 6:00 pm | കൂമ്പൻപാറ, പാറത്തോട് |
| Oct. 11 ഞായർ | 2:30 pm - 4:00 pm | തങ്കമണി, വെള്ളയാംകുടി |
| Oct. 11 ഞായർ | 4:30 pm - 6:00 pm | ഇരട്ടയാർ, മുരിക്കാശ്ശേരി |
| Oct. 18 ഞായർ | 2:30 pm - 4:00 pm | രാജാക്കാട്, വെള്ളത്തൂവൽ, മാങ്കുളം |
| Oct. 18 ഞായർ | 4:30 pm - 6:00 pm | നെടുങ്കണ്ടം, കുഞ്ചിത്തണ്ണി |

ഫൊറോനാകളിലെ മതാധ്യാപകർ അവർക്ക് നിശ്ചയിക്കപ്പെട്ടിരിക്കുന്ന സമയത്തെ മീറ്റിംഗിൽ പങ്കെടുക്കേണ്ടതാണ്. ക്ലാസ്സുകൾക്ക് നേതൃത്വം നൽകുന്നത് വടവാതൂർ സെന്റ് തോമസ് അപ്പസ്തോലിക് സെമിനാരിയിലെ പ്രൊഫ. ഫാ. ജോസഫ് കടുപ്പിൽ ആണ്. സൂം ആപ്ലിക്കേഷൻ ഇല്ലാത്ത എല്ലാ മതാധ്യാപകരും ഈ ആപ്ലിക്കേഷൻ ഇൻസ്റ്റാൾ ചെയ്യാൻ ശ്രദ്ധിക്കേണ്ടതാണ്.

മീറ്റിംഗിൽ പങ്കെടുക്കുന്ന അധ്യാപകരുടെ പേരുവിവരങ്ങൾ അന്നുതന്നെ വൈകുന്നേരം ഇടവകയിലെ പ്രധാന അധ്യാപകൻ രൂപത ഓഫീസിലേക്ക് വാട്ട്സ്ആപ്പ് മുഖേനയോ, ഗൂഗിൾ ഫോം വഴിയോ അയക്കേണ്ടതാണ്. ഇതിന്റെ അടിസ്ഥാനത്തിൽ ആണ് റീജിയണൽ കൺവെൻഷൻ ഹാജർ രേഖപ്പെടുത്തുന്നത്.
Whatsapp Number : 6235720150

## CJ. 53/20 മാതാപിതാക്കൾ, കുട്ടികൾ & മതാദ്ധ്യാപകർ സെമിനാർ ഒക്ടോബർ 25 ഞായർ

ഇപ്പോഴത്തെ സാഹചര്യം കണക്കിലെടുത്ത് നമ്മുടെ രൂപതയിലെ വിശ്വാസ പരിശീലനവുമായി ബന്ധപ്പെട്ട് മാതാപിതാക്കൾക്കും കുട്ടികൾക്കും അധ്യാപകർക്കും ആയി ഒരു ക്ലാസ് കേബിൾ ടിവി ചാനലുകളിലൂടെയും യൂട്യൂബ് വഴിയും ഒക്ടോബർ 25-ാം തിയതി ഞായറാഴ്ച രാവിലെ 11 മുതൽ 12 വരെ നൽകുന്നു. വിശ്വാസപരിശീലന രംഗത്ത് പ്രശസ്തനായ ശ്രീ. ഷാജി മാലിപ്പാറ സാർ ആണ് ക്ലാസ്സുകൾക്ക് നേതൃത്വം നൽകുന്നത്. മതാധ്യാപകരും കുട്ടി

കളും മാതാപിതാക്കളും ഈ ക്ലാസിൽ പങ്കെടുക്കണമെന്ന് പ്രത്യേകം ഓർമ്മിപ്പിക്കുന്നു.

**CJ. 54/20 നസ്രത്ത് ദിനം**

2020 ഒക്ടോബർ മാസം 25 തിയതി രാവിലെ Parents Meet നുശേഷം വൈകുന്നേരം സന്ധ്യാപ്രാർത്ഥന സമയത്ത് മാതാപിതാക്കളും, കുട്ടികളും ചേർന്ന് കുടുംബത്തോടൊപ്പം നസ്രത്ത് ദിനമായി ആചരിക്കുന്നു. നസ്രത്ത് ദിനത്തിന്റെ പ്രാർത്ഥനകൾ PDF ആയി നിങ്ങൾക്ക് അയച്ചുതരുന്നതാണ്.

**CJ. 55/20 Parish Share**

ഇക്കാലത്തെ പ്രത്യേക സാഹചര്യത്തിൽ ക്രിസ്തുജ്യോതിയുടെ പ്രവർത്തനങ്ങൾ മുമ്പോട്ട് കൊണ്ടുപോകുവാൻ സാമ്പത്തികമായി ബുദ്ധിമുട്ട് ഉണ്ട്. ആയതുകൊണ്ട് Parish Share കുട്ടികളിൽ നിന്നും വാങ്ങിയിട്ടുള്ള ഇടവകകൾ ആ തുക രൂപതാകേന്ദ്രത്തിൽ എത്തിച്ചാൽ വളരെ ഉപകാരമായിരുന്നു. ആരെയും നിർബന്ധിക്കുന്നില്ല. അതുപോലെ തന്നെ പാഠപുസ്തകം വാങ്ങിയ വകയിൽ കുടിശ്ശിക ഉള്ള ഇടവകകൾ ആ തുകയും ഉടനെ തന്നെ തന്നുതീർക്കുമല്ലോ.

**CJ. 56/20 YES Familia Season II**

2020 ഒക്ടോബർ 11, 12 തിയതികളിൽ Zoom Video Conference മുഖേന YESന്റെ പ്രോഗ്രാം നടത്തപ്പെടുന്നു. വൈകുന്നേരം 6:30 മുതൽ 8 മണിവരെയാണ് പ്രോഗ്രാം. 11-ാം തിയതി കുട്ടികളും മാതാപിതാക്കളും YES ആനിമേറ്റേഴ്സും ചേർന്ന് കുടുംബപ്രാർത്ഥനാദിനമായി ആചരിക്കണം. 12-ാം തിയതിയിലെ പ്രോഗ്രാമുകൾ ഇടുക്കി രൂപതാ മേലദ്ധ്യക്ഷൻ മാർ ജോൺ നെല്ലിക്കുന്നേൽ പിതാവ് നിർവ്വഹിക്കുന്നതാണ്. മുഖ്യപ്രഭാഷണം നടത്തുന്നത് ഷംഷാബാദ് രൂപതാദ്ധ്യക്ഷൻ മാർ റാഫേൽ തട്ടിൽ പിതാവാണ്. YES അംഗങ്ങളായ എല്ലാ കുട്ടികളും മാതാപിതാക്കളും ഈ കോൺഫ്രൻസിൽ പങ്കെടുക്കേണ്ടതാണ്.

## CJ. 57/20 ദൈവ കരുണയ്ക്കായി ഒരുമിക്കാം

ദൈവകരുണയുടെ ജപമാല എല്ലാദിവസവും മുടങ്ങാതെ ചൊല്ലുന്ന കാര്യം അധ്യാപകരെയും, മാതാപിതാക്കളെയും, കുട്ടികളെയും ഇടയ്ക്ക് ഓർമ്മിപ്പിക്കുന്നത് മറന്നുപോകരുത്. ദൈവ കരുണയുടെ ജപമാല ചൊല്ലുന്നത് നമ്മുടെ രൂപതയ്ക്കും, കുടുംബങ്ങൾക്കും വേണ്ടിയുമാണ്.

## CJ. 58/20 VEDIC IAS ACADEMY

നമ്മുടെ രൂപതയിലെ നന്നായി പഠിക്കുന്ന കുട്ടികൾക്ക് സിവിൽ സർവീസ് പരീക്ഷകൾക്ക് വേണ്ടിയുള്ള ഓൺലൈൻ പരിശീലന പരിപാടിയാണ് ഈ വേദിക്ക് അക്കാദമി. എട്ടാം ക്ലാസിൽ പഠിക്കുന്ന കുട്ടികൾ മുതൽ ഡിഗ്രി പഠിക്കുന്ന വിദ്യാർഥികൾക്ക് വരെ പരിശീലനപരിപാടിയിൽ പങ്കെടുക്കാവുതാണ്. മുപ്പതിനായിരം രൂപയാണ് കോഴ്സ് ഫീസ്. വിശദവിവരങ്ങൾ പിന്നീട് നൽകുന്ന നോട്ടീസിൽ നിന്നും ലഭിക്കുതാണ്. മിടുക്കരായ കുട്ടികൾക്ക് ഈ പരിശീലനത്തിന് സ്കോളർഷിപ്പ് ലഭിക്കുന്നതാണ് .

## CJ. 59/20 LOGOS QUIZ 2020

ലോഗോസ് ക്വിസ് പരീക്ഷ ഡിസംബറിൽ നടത്തുമെന്ന് അറിയിച്ചത് മാർച്ച് മാസത്തിൽ ആയിരിക്കും ഉണ്ടാവുക. ലോഗോസ് ക്വിസ് രജിസ്ട്രേഷൻ തുടർന്നും നടത്താവുതാണ്.

## CJ. 60/20 Staff Statement & 2019-2020 Report

ബുധൻ, വ്യാഴം ദിവസങ്ങളിൽ യെസ് ലെ കുട്ടികൾക്കുള്ള വർക്ക് ബുക്കുകൾ ഫൊറോന പള്ളികളിൽ എത്തിക്കുവാൻ വരുമ്പോൾ 2020 വർഷത്തിലെ സ്റ്റാഫ് സ്റ്റേറ്റ്മെന്റ്, മുൻ വർഷത്തെ റിപ്പോർട്ട് എന്നിവ തിങ്കൾ, ചൊവ്വ (28, 29 തീയതികളിൽ) നിങ്ങളുടെ ഫൊറോന പള്ളിയിലെ മഠങ്ങളിൽ ഏൽപ്പിക്കുക. ഇനി റിപ്പോർട്ട് സ്വീകരിക്കുന്ന മറ്റൊരു ദിവസം ഉണ്ടായിരിക്കുന്നതല്ല. [Report Submitting Last Date 30/09/2020]

## CJ. 61/20 ഒക്ടോബർ - ജപമാലമാസം

ഒക്ടോബർ ജപമാലമാസമാണല്ലോ. കുട്ടികളും മാതാപിതാക്കളും ചേർന്ന് ജപമാല ചൊല്ലി പരിശുദ്ധ അമ്മയുടെ മാദ്ധ്യസ്ഥം അപേക്ഷിക്കുമല്ലോ.

# കെ.സി.എസ്.എൽ.

## KCSL 11/20 ഓണാഘോഷ മത്സര വിജയികൾ

**1) LP വിഭാഗം : "മാസ്ക് വച്ച മാവേലി"**

| | | |
|---|---|---|
| Ist | : | ആൻസൺ സെബാസ്റ്റ്യൻ, SMLPS ഉദയഗിരി |
| IInd | : | അന്നാ മരിയ ജെസ്റ്റിൻ, STLPS തങ്കമണി |
| | : | ഡോൺ റെന്നി, VLPS വിമലഗിരി |
| IIIrd | : | എയിനോൺ ഷാജി, വിജയമാതാ LPS തൂക്കുപാലം |
| | : | ജോസിൻ സിബിച്ചൻ, ന്യൂമാൻ LPS ഇടുക്കി |
| | : | ജോർജിൻ സിബിച്ചൻ, ന്യൂമാൻ LPS ഇടുക്കി |

**2) UP വിഭാഗം : "എന്റെ വീട്ടിലെ ഓണാഘോഷം"**

| | | |
|---|---|---|
| Ist | : | അജീന സജി, SMUPS ഉദയഗിരി |
| IInd | : | ജൂദിത് ലാലിച്ചൻ, STUPS ഇരട്ടയാർ |
| IIIrd | : | ഗൗരിപ്രഭ, SMUPS മുരിക്കാശ്ശേരി |

**3) UP വിഭാഗം : "കാർട്ടൂൺ മത്സരം"**

| | | |
|---|---|---|
| Ist | : | നിർമ്മൽ ടോം, STUPS ഇരട്ടയാർ |
| IInd | : | ബെൻസൺ ബെന്നി, SMUPS ഉദയഗിരി |

**4) HS വിഭാഗം : "എന്റെ വീട്ടിലെ ഓണാഘോഷം"**

| | | |
|---|---|---|
| Ist | : | ആൻജല ജയൻ, SXHS ചെമ്മണ്ണാർ |
| IInd | : | അഞ്ചലീന സിബി, SMHS മുരിക്കാശ്ശേരി |
| IIIrd | : | ഡെനിറ്റ തോമസ്, VHS വിമലഗിരി |

**5) HS വിഭാഗം : "കാർട്ടൂൺ മത്സരം"**

Ist : അർച്ചന സാലൻ, STHS ഇരട്ടയാർ
IInd : ജോസ്മോൻ ടോമി, VHS വിമലഗിരി

**6) HSS വിഭാഗം : "എന്റെ വീട്ടിലെ ഓണാഘോഷം"**

Ist : ലിയ മരിയ മാത്യു, SMHSS മരിയാപുരം
IInd : ബബിത ബൈജു, SMHSS മുരിക്കാശ്ശേരി
IIIrd : ടോംസി ജോജൻ, SMHSS മുരിക്കാശ്ശേരി

**7) HSS വിഭാഗം : "കാർട്ടൂൺ മത്സരം"**

Ist : അബിൻ പീറ്റർ, SMHSS മരിയാപുരം
IInd : മെറീന മാത്യു, SJHSS വെള്ളയാംകുടി

# ചെറുപുഷ്പ മിഷൻലീഗ്

**CML 21/20** **മത്സര വിജയികൾ**

ചെറുപുഷ്പ മിഷൻ ലീഗ് കുഞ്ഞേട്ടൻ മാലിപ്പറമ്പിൽ അച്ചന്റെ അനുസ്മരണത്തിന്റെ ഭാഗമായി നടത്തിയ ലേഖന മത്സരത്തിന്റെ രൂപതാതല വിജയികൾ

### ഉപന്യാസ മത്സരം

**സീനിയർ വിഭാഗം**

1. അക്സ മേരി ചെറിയാൻ ശാഖ : ഇരട്ടയാർ
2. അൽഫോൻസാ മേരി ചെറിയാൻ ശാഖ : ഈട്ടിത്തോപ്പ്
3. ബിബിയ ബാബു ശാഖ : രാജപുരം

**ജൂണിയർ വിഭാഗം**

1. തോമസ് ജോർജ്ജ് ശാഖ : കല്ലാർ
2. ജൂബൽ മരിയ അനീഷ് ശാഖ : പാറത്തോട്
3. അലീനാ സാബു ശാഖ : അടിമാലി

## CML 22/20 ഒക്ടോബർ മാസത്തിലെ പ്രധന ദിനങ്ങൾ

**1 വ്യാഴം** : വി. കൊച്ചുത്രേസ്യായുടെ തിരുനാൾ, മിഷൻമാസാരംഭം, അസാധാരണ സമ്മേളനം, പൊതുദിവ്യകാരുണ്യ സ്വീകരണം.

**2 വെള്ളി** : കാവൽ മാലാഖയുടെ തിരുനാൾ, ഗാന്ധി ജയന്തി സേവനദിനം

**3 ശനി** : ചെറുപുഷ്പ മിഷൻ ലീഗ് 73-ാം സ്ഥാപക ദിനം

**4 ഞായർ** : വി. ഫ്രാൻസിസ് അസീസിയുടെ തിരുനാൾ

**16 വെള്ളി** : വാഴ്ത്തപ്പെട്ട തേവർപറമ്പിൽ കുഞ്ഞച്ചന്റെ തിരുനാൾ

**18 ഞായർ** : മിഷൻ ഞായർ

**31 വെള്ളി** : മിഷൻ മാസ സമാപനം

# കെ.സി.വൈ.എം.

## KCYM 27/20 ഹിരോഷിമ ദിനം

ഹിരോഷിമ ദിനത്തോട് അനുബന്ധിച്ച് സമാധാനത്തിന്റെ സന്ദേശവുമായി 'കുട്ടി RJ' വിന്നർ... യൂത്തൻ ടോക്ക് അപ്ലോഡ് ചെയ്തു.

## KCYM 28/20 ഇന്റർ നാഷണൽ യൂത്ത് ഡേ

ഇന്റർനാഷണൽ യൂത്ത് ഡേയുടെ ഭാഗമായി കെ.സി.വൈ.എം. ഇടുക്കി രൂപതയിലെ എല്ലാ വിങ്ങുകളേയും ഉൾപ്പെടുത്തി ഒരാഴ്ച നീളുന്ന ഓൺലൈൻ യൂത്ത് ഡേ സെലിബ്രേഷൻ നടത്തി. വിവിധ മേഖലകളിൽ ഒഴിവുകൾ തെളിയിച്ച യുവജനങ്ങളെ ആദരിക്കുവാനും പ്രാർത്ഥിക്കുവാനും യുവജന ചിന്തകൾ എല്ലാവരിലേക്കും എത്തിക്കുവാനും സാധിച്ചു.

## KCYM 29/20 ലൈഫ് മിഷൻ ഹെൽപ് ഡെസ്ക്

ലോക്ക് ഡൗൺ കാലത്ത് ഗവൺമെന്റ് സേവനങ്ങൾ ജന

ങ്ങളിലേക്ക് എത്തിക്കാൻ മുൻകൈ എടുത്ത് കെ.സി.വൈ.എം. ഇടുക്കി രൂപത ലൈഫ് മിഷൻ പദ്ധതിയുടെ ഹെൽപ് ഡെസ്ക് രൂപതാതലത്തിൽ തുടങ്ങുകയും 5000 ത്തോളം ആൾക്കാർക്ക് സഹായം ലഭ്യമാക്കുവാനും സാധിച്ചു

**KCYM 30/20 ഓൺലൈൻ തിരുവാതിര**

ഓൺലൈൻ കാലത്ത് വളരെ വ്യത്യസ്തമായ ഒരു ആശയം ആയിമാറി കെ.സി.വൈ.എം. ഇടുക്കി രൂപതയുടെ ഓൺലൈൻ തിരുവാതിര.

**KCYM 31/20 മരിയൻ ഗാനങ്ങളിലൂടെ ഒരു മരിയൻ തീർത്ഥാടനം**

എട്ടുനോമ്പിലെ പ്രാർത്ഥനാദിനങ്ങൾ അമ്മയോടൊപ്പം യാത്ര ചെയ്ത് രൂപതയിലെ യുവജനങ്ങൾ 8 ദിവസം മാതാവിന്റെ 8 ഗാനങ്ങൾ കൊണ്ട് സംഗീത വിരുന്ന് ഒരുക്കുകയായിരുന്നു.

**KCYM 32/20 വൈദികർക്ക് വേണ്ടിയുള്ള പ്രാർത്ഥന**

വൈദികരുടെ മദ്ധ്യസ്ഥനായ വിയാനി പുണ്യവാളന്റെ തിരുനാളിനോട് അനുബന്ധിച്ച് കെ.സി.വൈ.എം. ഇടുക്കി രൂപത വെസ്റ്റ് റീജിയണിന്റെ നേതൃത്വത്തിൽ രൂപതയിലെ വൈദികരെ സമർപ്പിച്ച് അവർക്ക് വേണ്ടി പ്രാർത്ഥനകൾ നടത്തി വരുന്നു.

**KCYM 33/20 PSC ക്ലാസ്**

ഗവൺമെന്റ് ജോലികളിലേക്കും നമ്മുടെ വരുംതലമുറയെ എത്തിക്കുക എന്ന ലക്ഷ്യത്തോടെ കെ.സി.വൈ.എം. ഇടുക്കി രൂപതയുടെ നേതൃത്വത്തിൽ സൗജന്യ PSC പരിശീലനം നടത്തി വരുന്നു.

**KCYM 34/20 ഷോർട്ട് ഫിലിം, മേപ്പടി**

കെ.സി.വൈ.എം. ഇടുക്കി രൂപത നോർത്ത് റീജിയൺ കലാരംഗത്തെ യുവപ്രതിഭകളെ അണിനിരത്തി ഒരുക്കിയ ഷോർട്ട് ഫിലിം മേപ്പടി റിലീസ് ചെയ്തു. കഥാമൂല്യം കൊണ്ടും അഭിനയ മികവു കൊണ്ടും മികച്ച പ്രതികരണമാണ് ലഭിച്ചത്.

**KCYM 35/20** **യൂത്തൻ ടോക്ക്**

ഓരോ ദിവസത്തിന്റെയും പ്രാധാന്യം വ്യക്തമാക്കി കൊണ്ട് ഇടുക്കി രൂപതയിലെ യുവജനങ്ങൾ RJ പ്രോഗ്രാം ആയ യൂത്തൻ ടോക്ക് ചെയ്തു പോരുന്നു.

# നവോമി കുടുംബ കേന്ദ്രം

**NFC 1/20** **നവോമി കൂട്ടായ്മ ഇടുക്കി രൂപത WIDS**

ഇടുക്കി രൂപതയിലെ വിധവകളായ അമ്മമാരുടെ സംഘടന യാണ് നവോമി കൂട്ടായ്മ (WIDS). ഈ കൂട്ടായ്മയുടെ പ്രവർത്തന ങ്ങൾക്കായി വെള്ളത്തൂവലിൽ ഒരു തയ്യൽ സെന്റർ ഉണ്ടായിരുന്നു. ഇപ്പോൾ അത് അടിമാലി സെട്രൽ ജംഗ്ഷനിലേക്ക് മാറി പ്രവർത്തനം കൂടുതൽ നല്ല രീതിയിൽ പോകുന്നു. മാമ്മോദീസ സെറ്റുകൾ, ആദ്യകുർബാന സെറ്റുകൾ, മറ്റ് വസ്ത്രങ്ങൾ എല്ലാം ഇവിടെ നിർമ്മിച്ച് നൽകാൻ തുടങ്ങിയ വിവരം സന്തോഷത്തോടെ അറിയിക്കുന്നു. എല്ലാവരുടേയും സഹകരണം പ്രതീക്ഷിക്കുന്നു.

# മാതൃവേദി

**MV 12/20**

ഈ വർഷത്തെ ബൈബിൾ കയ്യെഴുത്തു മത്സരത്തിന്റെ രജി സ്ട്രേഷൻ 2020 ഒക്ടോബർ 30 ന് മുമ്പായി മാതൃവേദി ഓഫീസിൽ എത്തിക്കേണ്ടതാണ്.

**MV 13/20** **ട്രോഫികൾ**

കഴിഞ്ഞ വർഷം ബെസ്റ്റ് യൂണിറ്റിന് അർഹരായി ട്രോഫികൾ കരസ്ഥമാക്കിയവർ ഈ മാസം 30-ാം തിയതിയ്ക്കുള്ളിൽ ട്രോഫി കൾ മാതൃവേദി ഓഫീസിൽ തിരികെ ഏൽപ്പിക്കേണ്ടതാണ്.



# പ്രാർത്ഥനാ ഗ്രൂപ്പ്

## PG 04/20 യാത്രാമംഗളങ്ങൾ - പ്രാർത്ഥനാശംസകൾ

പ്രാർത്ഥനാ ഗ്രൂപ്പിന്റെ രൂപതാ ഡയറക്ടറായി കഴിഞ്ഞ നാലര വർഷക്കാലം ദൈവകൃപയാൽ നിറഞ്ഞ പ്രശംസനീയമാം വിധം ശുശ്രൂഷ ചെയ്ത റവ. ഫാ. ജോസഫ് കോയിക്കലിന് സോൺ, സബ് സോൺ സേവനസമിതികളുടേയും എല്ലാ മിനിസ്ട്രികളുടേയും കരിസ്മാറ്റിക് നവീകരണ രംഗത്ത് പ്രവർത്തിക്കുന്ന എല്ലാവരുടേയും പേരിൽ ഹൃദയം നിറഞ്ഞ നന്ദി അർപ്പിക്കുന്നു. അച്ചന്റെ പുതിയ ശുശ്രൂഷാ മേഖലകളിൽ എല്ലാ ഭാവുകങ്ങളും ദൈവാനുഗ്രഹവും നേരുന്നു.

## PG 05/20 പുതിയ പ്രാർത്ഥനാ ഗ്രൂപ്പ് ഡയറക്ടർക്ക് സ്വാഗതം

ഇടുക്കി രൂപത പ്രാർത്ഥനാ ഗ്രൂപ്പിന്റെ പുതിയ ഡയറക്ടറായ റവ. ഫാ. ജോസഫ് നടുപ്പടവിലിന്, സബ് റീജിയൺ ആനിമേറ്റർ റവ. ഫാ. ജോസ് നരിതൂക്കിൽ, NCC RST അംഗം ഷാജി വൈക്കത്തു പറമ്പിൽ, സോണൽ സിസ്റ്റർ ആനിമേറ്റർ റവ. സി. മേബിൾ CMC, സോണൽ കോഡിനേറ്റർ ബ്ര. ജോർജ്ജ് കുമ്പുളുമൂട്ടിൽ, സോണൽ, സബ് സോണൽ മിനിസ്ട്രി അംഗങ്ങൾ ചേർന്ന് സ്വീകരിക്കുകയും എല്ലാ ഭാവുകങ്ങളും ആശംസിക്കുകയും ചെയ്തു.

## PG 06/20 അഖണ്ഡജപമാല സബ് സോണുകളിൽ

പരിശുദ്ധ അമ്മയോടൊത്ത് 92 ദിവസം (Sep. 8 to Dec. 8) നീണ്ടു നിൽക്കുന്ന ജപമാലയജ്ഞം സബ് സോണുകളിൽ ആരംഭിച്ചു. രാവിലെ 7 മണിക്ക് ആരംഭിച്ച് രാത്രി 7 മണിക്ക് അവസാനിക്കുന്ന രീതിയിൽ ക്രമീകരിച്ചിരിക്കുന്ന ജപമാല പ്രാർത്ഥനയ്ക്ക് സോൺ സബ് സോൺ കോഡിനേറ്റർമാരും, സേവനസമിതി അംഗങ്ങളും നേതൃത്വം നല്കുന്നു. രൂപതയിലെ ഏഴ് സബ് സോണുകളിലായി (രൂപത മുഴുവനും) ജപമാല പ്രാർത്ഥന നടന്നു വരുന്നു. അഖണ്ഡ ജപമാലയിൽ പങ്കെടുത്ത് വിജയിപ്പിച്ചു കൊണ്ടിരിക്കുന്ന വൈദിക, സന്യസ്ത, അല്മായ കൂട്ടായ്മകൾക്ക് പ്രത്യേകം അഭിനന്ദനങ്ങൾ.

### ജപമാല അർപ്പണ നിയോഗങ്ങൾ

കോവിഡ് 19, തിരുസഭ, രൂപത, കുടുംബം, വൈദികർ, സന്യസതർ, ഇടവകാകുടുംബങ്ങൾ.

### PG 07/20 ബിബ്ലിക്കോ കാരിസ് റിട്രീറ്റ്

നാഷണൽ സേവന സമിതിയുടെ നേതൃത്വത്തിൽ സിസ്റ്റേഴ്സിനുവേണ്ടി നടത്തിയ കാരിസ് റിട്രീറ്റിൽ ആനിമേറ്റേഴ്സ് സിസ്റ്റേഴ്സ് സംബന്ധിച്ചു. അവരെ നന്ദിയോടെ ഓർക്കുന്നു.

### PG 08/20 മരിയൻ ഗാന മത്സരം

നാലാം ക്ലാസ് മുതൽ പന്ത്രണ്ടാം ക്ലാസ് വരെയുള്ള കുട്ടികൾക്കായി നടന്ന മത്സരത്തിൽ വിവിധ ഇടവകകളിൽ നിന്നുള്ള കുട്ടികൾ പങ്കെടുത്തു. ഇതിന് നേതൃത്വം നൽകിയവരെയും പങ്കെടുത്തവരേയും പ്രത്യേകം അഭിനന്ദിക്കുന്നു.

### PG 09/20 ഗൂഗിൾ മീറ്റ്

ഗൂഗിൾ മീറ്റ് വഴി ആശയങ്ങൾ കൈമാറുകയും പദ്ധതികൾ നടപ്പിലാക്കുകയും വിലയിരുത്തലുകൾ നടത്തുകയും ചെയ്തുവരുന്നു.

## D.C.M.S.

### DCMS 1/20

ദളിതരായ ക്രിസ്ത്യൻ കുട്ടികൾക്കായി KCBC നൽകുന്ന സ്കോളർഷിപ്പുകൾക്കായി ഇടുക്കി രൂപതയിൽ നിന്നും 7 കുട്ടികളെ തിരഞ്ഞെടുത്തു.

### DCMS 2/20

ദളിതരായ കത്തോലിക്കരുടെ വിവരശേഖരണവും അവർക്കായുള്ള സർക്കാർ പദ്ധതികൾ അവരിലേക്ക് എത്തിക്കുന്നതിനുള്ള സഹായങ്ങളും ചെയ്തുവരുന്നു.

# വൈദികരുടെ വാർഷിക ധ്യാനത്തിന്റെ വിജയത്തിനായുള്ള പ്രാർത്ഥന

***"നീതി ജലം പോലെ ഒഴുകട്ടെ; സത്യം ഒരിക്കലും വറ്റാത്ത നീർച്ചാലുപോലെയും" (ആമോസ് 5:24).***

**പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ, ഞങ്ങൾ അങ്ങയെ ആരാധിക്കുന്നു, സ്തുതിക്കുന്നു, അങ്ങേയ്ക്ക് നന്ദി പറയുന്നു. അങ്ങ് ഞങ്ങൾക്കായി ഒരുക്കുന്ന എല്ലാ അനുഗ്രഹങ്ങളെയും നന്ദിയോടെ ഓർക്കുന്നു. ഇടുക്കി രൂപതയിലെ എല്ലാ വൈദികരേയും അങ്ങയുടെ തൃക്കരങ്ങളിൽ സമർപ്പിച്ചുകൊണ്ട് നവംബർ മാസത്തിൽ നടക്കുന്ന വൈദികർക്കായുള്ള വാർഷികധ്യാനത്തിന്റെ വിജയത്തിനുവേണ്ടി ഞങ്ങൾ പ്രാർത്ഥിക്കുന്നു. ധ്യാനം നയിക്കുന്ന ബഹുമാനപ്പെട്ട ജോസ് പറപ്പള്ളി അച്ചനെയും, ധ്യാനത്തിൽ പങ്കെടുക്കുന്ന എല്ലാ വൈദികരേയും പരിശുദ്ധാത്മാവിന്റെ അഭിഷേകത്താൽ നിറയ്ക്കേണമേ. ധ്യാന ശുശ്രൂഷകളേയും അതിനായുള്ള എല്ലാ ക്രമീകരണങ്ങളേയും ആശീർവ്വദിക്കണമേ. ഒരു പുതിയ പന്തക്കുസ്ത അനുഭവം ഞങ്ങളുടെ അജപാലകരിൽ നിറച്ച് അതുവഴി ഞങ്ങളുടെ ഇടവകയെയും, രൂപതയെയും അനുഗ്രഹിക്കണമേ. പിതാവും പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ, എന്നേയ്ക്കും ആമ്മേൻ.**

**1 സ്വർഗ്ഗ. 1 നന്മ. 1 ത്രിത്വ.**

**Sahyanadham**
Annual Subscription Rs. 200.00
Date of Publication: 01/10/2020

Reg. No. KL/IDK/08/19-21
RNI Reg. No KERMAL/2004/12498
Posted at Thodupuzha Stg.



ഒക്ടോബർ 1
വി. കൊച്ചുത്രേസ്യയുടെ
# തിരുനാൾ

Printed at St. Martha's Offset Printers, Murickassery-685 604
Editor, Printer & Publisher. Rev. Fr. James Bishop's House, Idukki - 685 602